ഉത്തരം

(എ) താഴെ പറയുന്ന സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന തുകകളുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്:

1.	ഗ്രാമ/ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ	..	30,60,976.52
2.	മുനിസിപ്പാലിറ്റികൾ	..	16,43,744.00
3.	ഗുരുവായൂർ ദേവസ്വം	..	1,02,415.00
4.	എച്ച്.ആർ.ഇ. സ്ഥാപനങ്ങൾ	..	1,93,830.65
5.	ഇതര സ്ഥാപനങ്ങൾ (യൂണിവേഴ്സിറ്റി, ഹൗസിംഗ് ബോർഡ് ഉൾപ്പെടെ)	..	11,41,000.00
	ആകെ	..	61,41,966.17

(ബി) ക്രമക്കേടിന് ഉത്തരവാദികളായവരുടെ പേരിൽ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/പ്രസിഡന്റ്, അർബൻ അഫയേഴ്സ് ഡയറക്ടർ, പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന വകുപ്പ് കമ്മീഷണർ എന്നിവർക്ക് ലോക്കൽ ഫണ്ട് ഡയറക്ടർ ഉപദേശം നൽകിയിട്ടുണ്ട്. ദേവസ്വം ബോർഡിലുണ്ടാകുന്ന ക്രമക്കേടുകൾക്ക് കേരള ഹൈക്കോടതിയാണ് നടപടി സ്വീകരിക്കുന്നത്.

(സി) വിശദമായ വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേരള പഞ്ചായത്ത് രാജ് നിയമം, മുനിസിപ്പാലിറ്റി നിയമം, മറ്റ് നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, നിയമങ്ങൾ എന്നിവ പ്രകാരമാണ് ചെലവ് നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റ് സമയത്ത് തീർച്ചപ്പെടുത്താറുണ്ട്.

മുക്കം കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ആരംഭിക്കുന്നതിന് നടപടി

20 [2883] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കം ആസ്ഥാനമായി കെ.എസ്.എഫ്.ഇ. ബ്രാഞ്ച് പ്രവർത്തനം ആരംഭിച്ചുവോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ മുക്കം ബ്രാഞ്ചിന്റെ പ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനുവേണ്ടി കൈക്കൊണ്ട നടപടി വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) എല്ലാ പുതിയ ബ്രാഞ്ചുകളും പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തതിനുശേഷം പ്രവർത്തനം തുടങ്ങിയാൽ മതിയെന്ന് കമ്പനിയുടെ 29-9-2001-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കെ.എസ്.എഫ്.ഇ.-യിലെ അംഗീകൃത ട്രേഡ് യൂണിയനുകളുമായി മാനേജ്മെന്റ് ചർച്ച നടത്തിവരികയാണ്. കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ബ്രാഞ്ചിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) ബ്രാഞ്ച് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്താൻ റീജിയണൽ മാനേജരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ നൽകിയിട്ടുള്ള വ്യവസായങ്ങൾ

21 [2884] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായങ്ങൾക്ക് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ലോൺ കൊടുത്തിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ ലോൺ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയ എത്ര വ്യവസായങ്ങൾക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) വൺടൈം സെറ്റിൽമെന്റിലൂടെ എത്ര ഇടപാടുകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2407 വ്യവസായ സംരംഭങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്.

(ബി) ഇതോടൊപ്പം ലഭ്യമാക്കുന്നു.†

(സി) 913 സ്ഥാപനങ്ങൾ/വ്യക്തികൾക്കെതിരെ ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 207 എണ്ണം നടപടികൾ ഒഴിവാക്കി തിരികെ നൽകിയിട്ടുണ്ട്.

(ഡി) 1572 ഇടപാടുകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly